
# സ്കൂൾ ടാലന്റ് ലാബ്

## പ്രവർത്തന മാർഗരേഖ

## ലേണിംഗ് ടീച്ചേഴ്സ്

### മലപ്പുറം

*ഫോട്ടോ എടുക്കലാണ് എനിക്ക് ഏറ്റവും ഇഷ്ടം.*
*പക്ഷേ മൊബൈൽ എടുത്താൽ വീട്ടിൽ വഴക്കു പറയും.*
*മൊബൈൽ കണ്ടാൽ സ്കൂളിലും പ്രശ്നമാണ്. ഒരു കാമറ വാങ്ങിത്തരാൻ വീട്ടിൽ പറഞ്ഞിട്ട് ആരും ഗൗരവത്തിലെടുക്കുന്നുമില്ല. സ്കൂളിൽ പരിപാടികൾ നടക്കുമ്പോൾഫോട്ടോയെടുക്കാൻ ഞാൻ കൊതിക്കാറുണ്ട്.*



കഴിഞ്ഞ അവധിക്കാല പരിശീലനത്തിലും ഈ അവധിക്കാല പരിശീലനത്തിലും ചർച്ചചെയ്ത ആശയമാണല്ലോ സ്കൂൾ ടാലന്റ് ലാബ്. പരിശീലനത്തിൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് ഒരു പ്രവർത്തനക്രമം തയ്യറാക്കുകയാണ് ഈ കുറിപ്പിലൂടെ ഉദ്ദേശിക്കുന്നത്.

# മുഖമൊഴി

**നി**ങ്ങൾക്ക് ഏറ്റവും അഭിരുചിയുള്ള മേഖലയിൽ സ്കൂൾ പഠനകാലത്ത് ആവശ്യമായ പിന്തുണ ലഭിച്ചിരുന്നോ എന്ന ചോദ്യത്തിന് ഭൂരിഭാഗം ആളുകളുടെയും മറുപടി ഇല്ലെന്നായിരിക്കും. കലാമേളയിലും കായികമേളയിലും പ്രവൃത്തിപരിചയമേളയിലും അതുപോലുള്ള മറ്റ് മേളകളിലും പങ്കെടുക്കാൻ അവസരം ലഭിച്ച ചിലർ മാത്രമായിരിക്കും തങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും അവസരങ്ങളും ലഭിച്ചിട്ടുണ്ട് എന്ന് പറയുന്നത്. ഇവർ സ്കൂളിലെ ആകെ കുട്ടികളുടെ ചെറിയൊരു ശതമാനം മാത്രമാണ്. ചില കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച ഒറ്റപ്പെട്ട അനുഭവങ്ങൾ മാത്രമായിരിക്കും അധ്യാപകർക്ക് പറയാനുണ്ടാവുക. എന്നാൽ സ്കൂളിലെ എല്ലാ കുട്ടികൾക്കും ഒന്നല്ലെങ്കിൽ മറ്റൊന്നിൽ മികവുണ്ടാവില്ലേ? ഇത്തരം മികവുകൾ തിരിച്ചറിഞ്ഞ് അവസരങ്ങളൊരുക്കുകയും അവരുടെ പ്രതിഭ വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് പ്രതിഭാപോഷണ പരിപാടി അഥവാ ടാലന്റ് ലാബ്.

ഇവിടെ ഒരു പ്രധാന കാര്യംകൂടി വ്യക്തമാക്കേണ്ടതുണ്ട്. സ്കൂളിൽ സാധാരണ നടക്കുന്ന കലാ-കായിക-പ്രവൃത്തി പരിചയ പഠനമല്ല ഇത്. കലാ-കായിക-പ്രവൃത്തി പരിചയ പഠനം മറ്റ് വിഷയങ്ങൾ പോലെ എല്ലാ കുട്ടികൾക്കും ലഭിക്കേണ്ട ഒന്നാണ്. ഒരു കുട്ടിക്ക് പാട്ടു പാടാൻ കഴിവ് കുറവാണെങ്കിലും പാട്ടു ക്ലാസ്സിൽ ഇരിക്കുകയും പാടിനോക്കുകയും ചെയ്യേണ്ടതുണ്ട്, അതുപോലെ മറ്റെല്ലാ മേഖലകളും. കണക്കും ശാസ്ത്രവും ഭാഷയുമെല്ലാം പഠിക്കുന്നപോലെയാണിത്. എന്നാൽ ഏതെങ്കിലും മേഖലയിൽ സവിശേഷമായ കഴിവ് പുലർത്തുന്നവർക്ക് നൽകുന്ന പ്രത്യേക അനുഭവങ്ങളാണ് ടാലന്റ് ലാബ് പ്രവർത്തനങ്ങൾ. അത്തരം പ്രവർത്തനങ്ങൾ ഓരോന്നിലും സ്കൂളിലെ എല്ലാ കുട്ടികളെയും പങ്കാളികളാക്കേണ്ടതില്ല. ബന്ധപ്പെട്ട ഗ്രൂപ്പുകളെ മാത്രം പങ്കെടുപ്പിച്ചാൽ മതി. ഈ പ്രവർത്തനങ്ങൾ ഒരു കാരണവശാലും ക്ലാസ് സമയം അപഹരിച്ച് നടത്തരുത്.

സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അഭിരുചി കണ്ടെത്തി അവരെ വിവിധ ഗ്രൂപ്പുകളായി തിരിക്കേണ്ടിവരും. കുട്ടികളോട് ചോദിച്ചും അധ്യാപകരുടെ മുൻപരിചയംവെച്ചും കലാ-കായിക-പ്രവൃത്തി പരിചയ അധ്യാപകരുടെ സഹായത്തോടെയും ടാലന്റ് ഗ്രൂപ്പുകളെ നിർണയിക്കാം. എന്നാൽ ഇത് നൂറ് ശതമാനവും ശരിയാവണമെന്നില്ല. ഏതെങ്കിലും ഘട്ടത്തിൽ ഒരു കുട്ടിയെ തെറ്റായ ടാലന്റ് ഗ്രൂപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന കണ്ടെത്തിയാൽ ശരിയായ ഗ്രൂപ്പിലേക്ക് മാറ്റാവുന്നതാണ്. ഒന്നിലധികം മേഖലകളിൽ ഒരു കുട്ടി ഒരേപോലെ മികവ് പ്രകടിപ്പിക്കുന്നു എങ്കിൽ ആ കുട്ടിയെ ഒന്നിലധികം ടാലന്റ് ഗ്രൂപ്പിൽ ഉൾപ്പെടുത്താം. എന്നാൽ എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ടാലന്റ് ഗ്രൂപ്പിലെങ്കിലും ഉൾപ്പെടണം. ഒരു ടാലന്റ് ഗ്രൂപ്പിൽ കുട്ടികൾ വളരെ കുറവാണെങ്കിലും ആ ഗ്രൂപ്പിനും പ്രവർത്തനം കണ്ടെത്തണം. രക്ഷിതാക്കൾ, ക്ലബ്ബുകൾ, പൂർവവിദ്യാർഥികൾ, സന്നദ്ധ പ്രവർത്തകർ, കലാകാരന്മാർ തുടങ്ങി വിവിധ വിഭാഗങ്ങളുടെ സഹകരണത്തോടെ ടാലന്റ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കാം. നിങ്ങൾക്ക് ഏറ്റവും അഭിരുചിയുള്ള മേഖലയിൽ സ്കൂൾ പഠനകാലത്ത് ആവശ്യമായ പിന്തുണ ലഭിച്ചിരുന്നോ എന്ന് ചോദിച്ചാൽ, എല്ലാ കുട്ടികളും തങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും അവസരങ്ങളും ലഭിച്ചിട്ടുണ്ട് എന്ന് ഭാവിയിൽ പറയണം. അതിനുള്ള പദ്ധതിയാണ് ടാലന്റ് ലാബ്.

## പ്രവർത്തനക്രമം

ടാലന്റ് ലാബ് പ്രവർത്തനങ്ങൾ ജൂൺ ആദ്യവാരം ആരംഭിക്കണം. സ്കൂളിൽ എത്ര ടാലന്റ് ഗ്രൂപ്പുകൾ ഉണ്ട് എന്ന് കണ്ടെത്തുകയാണ് ആദ്യഘട്ടം. ഓരോ ക്ലാസിലെയും കുട്ടികളെ വിവിധ ഗ്രൂപ്പുകളിൽ ഉൾപ്പടുത്തണം. ഈ പ്രവർത്തനത്തിന്റെ ചുമതല ക്ലാസ് അധ്യാപകർക്ക് നൽകാം.

### ഏതൊക്കെ ടാലന്റ് ഗ്രൂപ്പുകൾ ഉണ്ടാവാം?

**അഭിരുചിമേഖലകൾ**

| ഭാഷാപരം (മലയാളം) | ശാസ്ത്രപരം | ഗണിതപരം | സാമൂഹ്യ ശാസ്ത്രപരം | കലാപരം |
|---|---|---|---|---|
| കാവ്യാലാപനം | ശാസ്ത്രാന്വേഷണം | മനക്കണക്ക് | സംഘാടനം | അഭിനയം |
| കവിതാരചന | ശാസ്ത്രോപകരണ നിർമാണം | ഗണിതാന്വേഷണം | ചരിത്രാന്വേഷണം | ചിത്രം വര |
| കഥാരചന | ശാസ്ത്രവിജ്ഞാനം | ഗണിതപസ്സിൽ | രാഷ്ട്രീയം | സംഗീതം |
| പുസ്തക പാരായണം | • | ജ്യാമിതീയ രൂപകൽപന | • | നൃത്തം |
| പ്രസംഗം | • | ഗണിതോപകരണ നിർമാണം | • | കഥാപ്രസംഗം |
| • | • | • | • | നാടൻകല |
| • | • | • | • | ഉപകരണ സംഗീതം |
| • | • | • | • | • |

| നിർമ്മാണ പരം | കായികം | മറ്റിനങ്ങൾ | ഭാഷപരം (English, Hindi, ......) | • |
|---|---|---|---|---|
| കളിമൺശില്പം | അത് ലെറ്റിക്സ് | കൃഷി | Communications | • |
| പേപ്പർ ക്രാഫ്റ്റ് | കബഡി | സംവിധാനം | Elocution | • |
| തടി ശിൽപം | ഫുട്ബോൾ | സംവാദം | Story Writing | • |
| ഇലക്ട്രിക്കൽസ് | നീന്തൽ | • | Poem Writing | • |
| പാചകം | മറ്റുള്ളവ | • | Choreography | • |
| • | • | • | | • |

## എങ്ങനെ കണ്ടെത്താം?

- ഓരോ അഭിരുചി മേഖലയും ക്ലാസ്സിൽ വിശദീകരിക്കുക.
- ഏത് മേഖലയിലാണ്/മേഖലകളിലാണ് ഏറ്റവും കഴിവുള്ളതെന്ന് കുട്ടികളോട് സ്വയം കണ്ടെത്താൻ നിർദേശിക്കുക. (ഇഷ്ടമുള്ളതോ അടുത്ത കൂട്ടുകാർ തിരഞ്ഞെടുത്തതോ അല്ല തിരഞ്ഞെടുക്കേണ്ടത് എന്നും നന്നായി സ്വയം വിശകലനം ചെയ്ത് കണ്ടെത്തണം എന്നും പ്രത്യേകം നിർദേശം നൽകണം.)
- മറ്റ് അധ്യാപകരുടെ അഭിപ്രായം തേടണം.
- കലാ-കായിക-പ്രവൃത്തി പരിചയ അധ്യാപകരുടെ സഹായം ഉറപ്പുവരുത്തണം.
- ആദ്യ സിപിടിഎ യിൽ ലിസ്റ്റ് അവതരിപ്പിച്ച് രക്ഷിതാക്കളുടെ അഭിപ്രായം അറിയണം.
- ഏതെങ്കിലും ഘട്ടത്തിൽ ഒരു കുട്ടിയെ തെറ്റായ ടാലന്റ് ഗ്രൂപ്പിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് കണ്ടെത്തിയാൽ ശരിയായ ഗ്രൂപ്പിലേക്ക് മാറ്റണം.

## എങ്ങനെ രേഖപ്പെടുത്താം?

**(ക്ലാസ് അധ്യാപകൻ സൂക്ഷിക്കേണ്ടത്)**

**School : .........................................** **Class & Div .................................**

| അഭിരുചി മേഖല | 1 .................. | 2 ................. | 3 ................. | 4 ................ | 5 ................... |
|---|---|---|---|---|---|
| ഉൾപ്പെട്ട കുട്ടികൾ | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• |

| അഭിരുചി മേഖല | 6 .................... | 7 .................. | 8 .................. | 9 ................. | 10 .................. |
|---|---|---|---|---|---|
| ഉൾപ്പെട്ട കുട്ടികൾ | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• | •<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>•<br>• |

കൂടുതൽ അഭിരുചിമേഖലകൾ ഉണ്ടെങ്കിൽ കൂടുതൽ കോളം കൂട്ടിച്ചേർക്കാം. ക്ലാസ് തല ലിസ്റ്റ് ക്ലാസ്സധ്യാപകൻ സൂക്ഷിക്കണം.

## സ്കൂൾ ടാലന്റ് ഗ്രൂപ്പുകൾ എങ്ങനെ രൂപീകരിക്കാം?

- ക്ലാസ് തലത്തിൽ തയ്യാറാക്കിയ ലിസ്റ്റ് സ്കൂൾ തലത്തിൽ ക്രോഡീകരിച്ച് സ്കൂളിൽ ആകെ എത്ര ടാലന്റ് ഗ്രൂപ്പ് ഉണ്ടെന്ന് കണ്ടെത്തണം.
- ഒരു വർഷം ടാലന്റ് ഗ്രൂപ്പ് നിർണയം കഴിഞ്ഞാൽ വരും വർഷങ്ങളിൽ പുതുതായി വരുന്ന കുട്ടികളെ ഉൾപ്പടുത്തിയാൽ മാത്രം മതി.
- ഓരോ ടാലന്റ് ഗ്രൂപ്പിന്റെയും ചുമതല അധ്യാപകർക്ക് നൽകണം.
- ഓരോ ടാലന്റ് ഗ്രൂപ്പിനും നൽകാവുന്ന ശിൽപ്പശാലകൾ മുൻകൂട്ടി ആസൂത്രണം ചെയ്യണം.
- ശിൽപ്പശാലകൾ സ്കൂൾ പ്രവൃത്തിസമയത്ത് ആയിരിക്കരുത്.
- പ്രവർത്തനകലണ്ടർ തയ്യാറാക്കണം. പ്രവർത്തന കലണ്ടർ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തണം.

## പ്രവർത്തന കലണ്ടർ ആസൂത്രണം ചെയ്യുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

- ഓരോ മാസങ്ങളിലേക്കും അനുയോജ്യമായ രീതിയിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കാം.
- മേളകളുമായി ബന്ധപ്പെട്ട് ഒരുപാട് പരിശീലനങ്ങളും പ്രവർത്തനങ്ങളും സ്കൂളിൽ നടക്കാറുണ്ട്. ഇതിന് മുന്നോടിയായി ബന്ധപ്പെട്ട ടാലന്റ് ഗ്രൂപ്പുകൾക്ക് ശിൽപ്പശാലകൾ സംഘടിപ്പിക്കാം.
- പാചകത്തിൽ വൈഭവമുള്ളവരുടെ ഗ്രൂപ്പിന് പ്രത്യേക ശിൽപ്പശാലകൾ നടത്തുകയും നിർമിച്ച വിഭവങ്ങൾ സ്കൂൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യാം.

## ശിൽപ്പശാലകൾ ആസൂത്രണം ചെയ്യുമ്പോൾ എന്തെല്ലാം ശ്രദ്ധിക്കണം?

- ശിൽപ്പശാലകൾ പ്രതിഭാപോഷണ പരിപാടികൾ ആയിരിക്കണം. ടാലന്റ് ഗ്രൂപ്പുകൾക്കുള്ള കേവലം ചില പ്രവർത്തനങ്ങൾ മാത്രമാവരുത്.
- വിവിധ മേഖലകളിൽ കഴിവുള്ള ആളുകൾ നമുടെ സമൂഹത്തിലുണ്ട്. അവരെ പ്രയോജനപ്പെടുത്തണം.
- സാമ്പത്തിക ബാധ്യത വഹിക്കാൻ കഴിയുമെങ്കിൽ അതത് മേഖലകളിലെ പ്രഗത്ഭരെ ശിൽപ്പശാലകളിൽ ഉൾപ്പെടുത്താം.

## സ്കൂൾ ടാലന്റ് ഗ്രൂപ്പുകളും ചുമതലയും

(ഹെഡ് മാസ്റ്റർ സൂക്ഷിക്കേണ്ടത് )

**School : ...........................................................................** **വർഷം ...............................**

| ടാലന്റ് ഗ്രൂപ്പുകൾ | ഉൾപ്പെട്ട കുട്ടികളുടെ എണ്ണം | ചുമതലയുള്ള അധ്യാപകൻ/ അധ്യാപിക | ആസൂത്രണം ചെയ്ത ശിൽപ്പശാല/പ്രവർത്തനം | മാസം തിയ്യതി |
|---|---|---|---|---|
| • | | | | |
| • | | | | |
| • | | | | |
| • | | | | |
| • | | | | |
| • | | | | |
| • | | | | |
| • | | | | |
| • | | | | |

## സ്കൂൾ ടാലന്റ് ഗ്രൂപ്പുകൾ - കുട്ടികളുടെ തരംതിരിച്ച ലിസ്റ്റ്

(വിവിധ ടാലന്റ് ഗ്രൂപ്പുകളുടെ ചുമതലയുള്ള ഓരോ അധ്യാപകനും സൂക്ഷിക്കേണ്ടത്)

**School : ...................................................................... വർഷം ...............................**

| അഭിരുചി മേഖല | ഉൾപ്പെട്ട കുട്ടികളുടെ പേര് | ക്ലാസ് | ചുമതലയുള്ള അധ്യാപകൻ/ അധ്യാപിക | ആസൂത്രണം ചെയ്ത ശിൽപശാല/പ്രവർത്തനം/സമയം |
|---|---|---|---|---|
| | • • • • • • • • • • • | | | |

### മറ്റ് പ്രവർത്തനങ്ങളിൽ ടാലന്റ് ഗ്രൂപ്പുകളെ പ്രയോജനപ്പെടുത്തുന്നത് എങ്ങനെ?

സ്കൂളിൽ ധാരാളം ആഘോഷങ്ങളും ദിനാചരണങ്ങളുമെല്ലാം നടക്കുന്നുണ്ടല്ലോ. വിവിധ ടാലന്റ് ഗ്രൂപ്പുകളെ ഇത്തരം പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചാലോ. സ്വന്തം മികവുകൾ പ്രദർശിപ്പിക്കാൻ അവർക്ക് അവസരവും ലഭിക്കും. ഉദാഹരണമായി സ്വാതന്ത്ര്യ ദിനാഘോഷം പരിഗണിക്കാം. ഈ സന്ദർഭത്തിൽ എന്തെല്ലാം ആവശ്യങ്ങൾ ഉണ്ടെന്ന് നോക്കൂ.

- അലങ്കാരം
- പ്രസംഗങ്ങൾ
- കലാപ്രകടനങ്ങൾ
- പായസം
- പ്രദർശനം
- സംഘാടനം
- ഫോട്ടോ
- ഐസിടി
-

ഓരോന്നിന്റെയും ചുമതല ഓരോ ടാലന്റ് ഗ്രൂപ്പിനെ ഏൽപ്പിക്കാം. ഇങ്ങനെ ഓരോ സന്ദർഭത്തിലും ആലോചിച്ചാൽ സ്കൂൾ ടാലന്റ് ലാബ് അതിന്റെ അർഥം കൈവരിക്കും. നമ്മുടെ കുട്ടികളെല്ലാം അവരവരുടെ കഴിവിനനുസരിച്ച് പരമാവധി വളരട്ടെ.

## എനിക്ക് പറക്കാൻ ചിറകു നൽകിയത് എന്റെ വിദ്യാലയമാണ്........









Learning Teachers